**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1004** **10.08.2017- ൽ മറുപടിക്ക്**

**ഓടകൾ കയ്യേറി നികത്തുന്നതിനെതിരെ നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ബി.സത്യൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതു ഖജനാവിൽ നിന്നും തുക മുടക്കി നിർമ്മിച്ച ഓടകൾ കയ്യേറി നികത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ; | (എ) പൊതു ഖജനാവിൽ നിന്നും തുക ചെലവഴിച്ച് നിർമ്മിച്ച ഓടകൾ കയ്യേറി നികത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) വ്യാപാര സ്ഥാപനങ്ങൾ പാതവക്കുകൾ കയ്യേറുന്നത് അപകട കാരണമാകുമെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ നടപടി പരിഗണനയിലുണ്ടോ? | (ബി) വ്യാപാര സ്ഥാപനങ്ങൾ പാതവക്കുകൾ കയ്യേറുന്നത് അപകട കാരണമാകുന്നു എന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടിയും 03.09.2016-ലെ സ.ഉ (കൈ) നം. 63/16/പൊ.മ.വ പ്രകാരം കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ (3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ചു സംരക്ഷിച്ചുകൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻ.എച്ച്-നേയും, സ്റ്റേറ്റ് ഹൈവേയുടേയും പ്രധാന ജില്ലാ റോഡുകളുടേയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ & ബി -യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ചുള്ള പരിശോധനകൾ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ നടത്തി കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ